# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)1790/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം.
2. എ ഡി സി (ജനറൽ) എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബി.പി.)1790/2023 തീയ്യതി: 12/12/2023

# എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാംകുട്ടി.ടി.എൽ | ജോയിന്റ് ഡയറക്ടർ | 23-11-2023 | 28-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2023 | 28-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) ശ്രീ.സന്തോഷ് കുമാർ കെ.വി., ഓഡിറ്റ് ഓഫീസർ
2) ശ്രീമതി.പുഷ്പ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) ശ്രീമതി ഷൈനി.പി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ട്രീസ മാന്വവൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഗൗതമൻ ടി. സത്യപാൽ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സെലിൻ ടെൻസി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം | 01-04-2022 | 15-06-2022 |
| ഡോ.സജി എം.പി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം | 16-06-2022 | 17-07-2022 |
| ഡോ.സൈന മേരി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം | 18-07-2022 | 12-09-2022 |
| ഡോ.സജി എം.പി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം | 13-09-2022 | 10-11-2022 |
| ഡോ.സൈന മേരി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മാലിപ്പുറം | 11-11-2022 | 31-03-2023 |
| ഡോ.ശ്രീലാൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പിഴല | 01-04-2022 | 31-03-2023 |
| ഡോ.ജിനു ആനി ജോസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനെല്ലൂർ | 01-04-2022 | 28-12-2022 |
| ഡോ.സുധീഷ്.കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേരാനെല്ലൂർ | 29-12-2022 | 31-03-2023 |
| ശ്രീമതി മഞ്ജുബാല.കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുനിത പി.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി സുധാകുമാരി.ജെ.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കളമശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദുമോൾ.പി.എസ് | സി.ഡി.പി.ഓ, ഇടപ്പള്ളി | 01-04-2022 | 31-01-2023 |
| ശ്രീമതി ഡിഫ്ന ഡിക്രൂസ് | സി.ഡി.പി.ഓ, ഇടപ്പള്ളി | 01-02-2023 | 31-03-2023 |
| ശ്രീമതി സിനി എ. | സി.ഡി.പി.ഓ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | (അഡീഷണൽ), കളമശ്ശേരി | | |
| ശ്രീമതി ദീപ കെ.കെ. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ജെയിംസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷൈമ ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികളുടെ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | സംയുക്ത പ്രോജക്കുകൾക്ക് നൽകിയ തുക AFS-ഉം ആയി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 16 | മരുന്ന ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-11 |
| 17 | ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 1-12 |
| 18 | സ്വയംതൊഴിൽ സംരംഭങ്ങൾ - മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല | 1-13 |
| 19 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല- ₹2239000/-തടസ്സപ്പെടുത്തുന്നു | 1-14 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2023 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 13.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:കാക്കനാട്

തീയതി:............

ജോയിന്റ് ഡയറക്ടർ

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

സ.ഉ.(എം.എസ്.)152/2011/ത.സ്വ.ഭ.വ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ്

പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]

### 1-1-3 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ധനകാര്യപത്രിക പ്രകാരം കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ എന്ന ഇനത്തിൽ മാത്രമേ നീക്കിയിരിപ്പുള്ളൂ. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനങ്ങളിൽ തിരികെ നൽകാൻ ബാക്കിയുള്ളവ ഇല്ലെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

### 1-1-4 നിക്ഷേപ പ്രവൃത്തികളുടെ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ ₹2239000.00 B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-1-5 സംയുക്ത പ്രോജക്ടുകൾക്ക് നൽകിയ തുക AFS-ഉം ആയി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിലെ I-6 ഷെഡ്യൂൾ പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുക ₹1212150/-ഉം ഗ്രാമപഞ്ചായത്ത് വിഹിതമായി ലഭിച്ച തുക ₹620850/-ആണ്. എന്നാൽ ചെലവ് പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം ₹1185000/-ഉം ഗ്രാമപഞ്ചായത്ത് വിഹിതം ₹298000/-ഉം ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് കമ്മിറ്റി 17.03.2022 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പഞ്ചായത്ത് കമ്മിറ്റി 09.02.2023 ലെ 3/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് ( 09.02.2023 ലെ 3/1 നമ്പർ തീരുമാനം) | |
|---|---|
| മുന്നിരുപ്പ് | ₹1,08,00,000 |
| വരവ് | ₹19,27,83,000 |
| ആകെ | ₹20,35,83,000 |
| ചെലവ് | ₹20,20,41,200 |
| നീക്കിയിരുപ്പ് | ₹15,41,800 |

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹59,99,008 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹5,66,24,342 |
| ആകെ | | ₹6,26,23,350 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹6,01,13,126 |
| നീക്കിയിരിപ്പ് | | ₹2,510,224 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | വരവ് (അലോട്ട്മെന്റ്) (₹) | ആകെ (₹) | ചെലവ് (₹) | ലാപ്സായ തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ( | 0 | 18851000 | 18851000 | 18704809 | 146191 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 9289000 | 9289000 | 9289000 | 0 | 0 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 54000 | 54000 | 54000 | 0 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 4693000 | 4693000 | 3516258 | 1176742 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-ട്രഷറി | 0 | 2546444 | 2546444 | 226822 | 2319622 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-Bank | 984842 | 4559000 | 5543842 | 5543168 | 0 | 674 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic- Bank | 315786 | 3159247 | 3475033 | 3151158 | 0 | 323875 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic-ട്രഷറി | 0 | 500076 | 500076 | 72406 | 427670 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100113-Indira Avas Yojana-IAY | 592996 | 1013278 | 1606274 | 0 | 1307050 | 299224 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100115-Total Sanitation Campaign-TSC | 1379039 | 38357 | 1417396 | 440185 | 0 | 977211 |
| 320200304-state Sponsored Schemes | 494755 | 68148 | 562903 | 29266 | 0 | 533637 |
| 320800199-Grant For Specific Purposes-capital | 789737 | 0 | 789737 | 684417 | | 105320 |
| 320100199Centrally SponsoredScheme | 405 | 12 | 417 | 0 | | 417 |
| 320200301-State SponsoredGrant | 17,667 | 0 | 17,667 | 0 | | 17,667 |
| 320200323-Grant For Keralolsavam | 60,000 | 100000 | 160,000 | 100000 | | 60,000 |

Note :- CFC Basic വരവിൽ 120247/-രൂപ പലിശ ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 6,06,23,108 | 103 | 4,33,61,038 | 6 | 8 | 86.55% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് നീക്കിയിരിപ്പ് പരിശോധന 27.11.2023 തീയതി 3pm ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.22 മുതൽ 29.12.22 വരെ | 2021-22 | 02.03.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.12.2022 മുതൽ 10.12.2022 വരെ | 01.04.2017 മുതൽ 30.11.2022 വരെ | 08.02.2023 |

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. പ്രൊജക്റ്റ് ഫയലുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2.സമയബന്ധിതമായി പദ്ധതികളുടെ നിർവ്വഹണം നടക്കാത്തതിനാൽ പദ്ധതിവിഹിതം പാഴാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.
3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.

## 1-11 മരുന്ന ലഭ്യമായില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര്, നമ്പർ | മാലിപ്പുറം സി.എച്ച്.സി.മരുന്ന് വാങ്ങൽ, 11/2022-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മാലിപ്പുറം |
| അടങ്കൽ | 300000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹299806/- |

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം / തീയതി | ചെലവ് തുക (₹) | മരുന്ന് ലഭ്യമായത് (തുക/ ബിൽ നം / തീയതി) | മരുന്ന് ലഭിക്കാൻ ബാക്കി നിൽക്കുന്നത് (തുക) (₹) |
|---|---|---|---|
| 214/ 21.2.23 | ₹259865/- | 1) ₹14972/- (Invoice No. 0704303/2250 /15.12.22)മാവേലി മെഡിക്കൽ സ്റ്റോർ,കുഴുപ്പിള്ളി. 2)₹14916/- (Invoice No. 0703301/22913 /09.01.23) 3)₹14988.50/- (Invoice No. 0703301/22967 /23.01.23) 4)₹14987.70/- (Invoice No. 0703301/221043 | 152683/- |

| | | | |
|---|---|---|---|
| | | /09.2.23)കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ,ആലുവ.<br><br>5)₹45880/- Invoice No-6251/ 26.05.2023 കാരുണ്യ മെഡിസിൻ ഡിപ്പോ, കരിക്കോട്.<br><br>6)₹1438/-Invoice No-1358/18.07.2023 /13.02.23 കാരുണ്യ മെഡിസിൻ ഡിപ്പോ, കരിക്കോട്. | |
| ബിൽ നം 282/20.03.23 | ₹10101/- | 1)₹ 3910.76/- ഇഷ്യൂ നം.0703301/221259 Dtd 14/03/2023<br>2)₹6190.30 ഇഷ്യൂ നം0703301/221307 Dtd 20/03/2023-/- കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ആലുവ. | ഇല്ല. |
| ബിൽ നം-271/ 17.03.23 | ₹29840/- | Issue No 0703301/221061 Dtd 25.02.23 ₹14879.90/-കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ആലുവ.<br>2.Issue No. 0704303/2276 Dtd24.02.23 ₹14960/-കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കുഴുപ്പിള്ളി. | ഇല്ല |
| ആകെ | ₹299806/- | ₹147123.16 | ₹152683/- |

മാലിപ്പുറം സി.എച്ച്.സി.യ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രകാരം (നം.11/2022-23) ₹299806/- വിവിധ സ്ഥാപനങ്ങളിൽ നൽകിയതിൽ കാരുണ്യ മെഡിസിൻ ഡിപ്പോ, കരിക്കോടിന് നൽകിയ ₹200000/- യിൽ ₹152683/- യുടെ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭിക്കാനുള്ള മരുന്നിന്റെ വിലയായ ₹152683/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-12 ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള ചുവടെ ചേർക്കുന്ന പ്രൊജക്ടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.1/25.11.2023) മറുപടിയിൽ ചുവടെ ചേർക്കുന്നവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കുന്നതുവരെ ആകെ ചെലവ് തുക ₹1739000/- തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 142/23 |
| പ്രൊജക്ടിന്റെ പേര് | മുളവുകാട് ഗ്രാമ പഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ KWA ഡെപ്പോസിറ്റ് വർക്ക്. |

| | |
|---|---|
| അടങ്കൽ | ₹500000/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹500000/- (ബിൽ നം- 148/9.1.2023) |

2.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 140/23 |
| പ്രൊജക്ടിന്റെ പേര് | ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്ത് കടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ KWAഡെപ്പോസിറ്റ് വർക്ക്. |
| അടങ്കൽ | ₹539400/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹539000/- (ബിൽ നം- 147/09.01.2023) |

3.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 137/23 |
| പ്രൊജക്ടിന്റെ പേര് | എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് കടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ KWAഡെപ്പോസിറ്റ് വർക്ക്. |
| അടങ്കൽ | ₹700000/- വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | ₹700000/- (ബിൽ നം- 132/24.12.2022) |

## 1-13 സ്വയംതൊഴിൽ സംരംഭങ്ങൾ - മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല

വ്യവസായ വികസന ഓഫീസർ നിർവ്വഹണം നടത്തിയിട്ടുള്ള താഴെ ചേർത്തിട്ടുള്ള പദ്ധതികൾ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കാൻ താൽപര്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നമ്പർ 3 തീയതി 25-11-23) നല്കിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക (₹) | ബിൽ നമ്പർ,തീയതി |
|---|---|---|---|
| 1 | 103/23എസ്.സി. വനിത ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭങ്ങൾ(SCP) | 10,00,000 | 264/16-3-23(375000/-)<br>323/28-3-23(375000/-)<br>341/30-3-23(250000/-) |
| 2 | 102/23,വനിത ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾ(ജനറൽ) | 5,97,790 | 228/25-2-23(111375/-)<br>229/25-2-23(106179/-)<br>340/30-3-23(375000/-)<br>342/30-3-23(5236/-) |
| 3 | 42/23ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം(ജനറൽ) | 50,000 | 227/25-2-23 |

മേൽ പ്രൊജക്ടുകൾ സംബന്ധിച്ച ഫയലുകളിൽ യൂണിറ്റുകൾക്കായി വാങ്ങിയ യന്ത്രങ്ങൾ, സാധനസാമഗ്രികൾ എന്നിവ സംബന്ധിച്ച രേഖകൾ ഉണ്ട്. എന്നാൽ യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് മോണിറ്ററിംഗ് കമ്മറ്റി വിലയിരുത്തിയതിന്റെ രേഖയില്ല. ഭാവിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി തുക നല്കുന്ന പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ട് കൂടി ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-14 വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല-₹2239000/-തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ ചേർത്തിട്ടുള്ള ഡെപ്പോസിറ്റ് വർക്കുകൾക്കായി നൽകിയിട്ടുള്ള

₹2239000/-യുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.137 / 23 , എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് | 132/ 24.12.2022 | 700000 | 0 | 700000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.48/23, കടമക്കുടി ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് (സംയുക്തം) | 66/ 21.10.2022 | 500000 | 0 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.140/23, ചേരാനെല്ലൂർ ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് | 147/ 09.01.2023 | 539000 | 0 | 539000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.142/23, മുളവുകാട് ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് | 148/ 09.01.2023 | 500000 | 0 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | ആകെ | | 2239000 | | 2239000 | |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | വർഷം | ലഭിച്ച തുക (₹) | പ്രോജക്റ്റിന്റെ പേര് | ചെലവ് (₹) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 784000 | 75/23, പി.എം.എ.വൈ ഭവന നിർമ്മാണം ജനറൽ | 784000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 401000 | 62/23, പി.എം.എ.വൈ ഭവന നിർമ്മാണം (എസ്.സി.പി) | 401000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 140000 | 75/23, പി.എം.എ.വൈ ഭവന നിർമ്മാണം | 140000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2022-23 | 158000 | 62/23, പി.എം.എ.വൈ ഭവന നിർമ്മാണം (എസ്.സി.പി) | 158000 | 0 |
| | ആകെ | 14,83,000 | | 14,83,000/ | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.137/23, എളംകുന്നപ്പുഴ ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് | 132/ 24.12.2022 | 700000 | 0 | 700000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.48/23, കടമക്കുടി ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് (സംയുക്തം) | 66/ 21.10.2022 | 500000 | 0 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | പ്രൊ. നം.140/23, ചേരനെല്ലൂർ ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് | 147/ 09.01.2023 | 539000 | 0 | 539000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കേരള വാട്ടർ | പ്രൊ. നം.142/23, | 148/ 09.01.2023 | 500000 | 0 | 500000 | വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| അതോറിറ്റി | മുളവുകാട് ഗ്രാമപഞ്ചായത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ കെ ഡബ്ല്യു എ ഡെപ്പോസിറ്റ് വർക്ക് | | | | | ലഭ്യമായിട്ടില്ല |
| | ആകെ | | 2239000 | | 2239000 | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 1998-99 | 28 | ₹800 | ശോഭനകുമാരി | 12207050000/ 06.12.22 | 350300199 |
| 1998-99 | 29 | ₹5250 | ശോഭനകുമാരി | 12207050000/ 06.12.22 | 350300199 |
| ആകെ | | ₹6050 | | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 5,66,24,342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 6,01,13,126 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 41,30,683 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | ₹ 152683/- | ഡോ.സൈന മേരി മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം |

| | | |
|---|---|---|
| 1-12 | ₹ 1739000/- | ശ്രീ.ഗൗതമൻ ടി. സത്യപാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| 1-14 | ₹ 2239000/- | ശ്രീ.ഗൗതമൻ ടി. സത്യപാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| ആകെ | ₹ 4130683/ - | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സൈന മേരി, മെഡിക്കൽ ഓഫീസർ, CHC മാലിപ്പുറം | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി, തൃശ്ശൂർ | പടമട്ടുമൽ ഹൗസ്, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ, തൃശ്ശൂർ – 680664 |
| ശ്രീ.ഗൗതമൻ ടി. സത്യപാൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | തച്ചേരുപറമ്പിൽ ഹൗസ്, ചാതേരി, തൃപ്പൂണിത്തുറ-682301 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 1996-97 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | - |
| 1997-98 | എൽ.എഫ്.ഇ(സി)1037/02 തീ.3.12.01/30.3.02 | - |
| 1998-99 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ. 30.09.19 | 4 |
| 2000-01 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | 3 |
| 2005-06 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ. 30.09.19 | 2 |
| 2006-07 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 3 |
| 2009-10 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 2 |
| 2010-11, 2011-12 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19, തീ 30.09.19 | 1 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (ബിപി.)300/2019, തീ.11.07.2019 | 8 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (ബിപി.)274/2020, തീ.07.03.2020 | 10 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(ബിപി)907/2020 തീ.17/09/2020 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(ബിപി)1738/2022 തീ.17/10/2022 | |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(ബിപി)331/2023 തീ.19/04/2023 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-05-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Edappally Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edappally Block Panchayat for the year 2022-2023

Date: 12/12/2023

Joint Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Edappally Block Panchayat for the Year 2022-2023 .

**1.Major Observations**

**1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.**

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. Classification and valuation of assets not complete.

2.Basic ratios are not incorporated in annual financial statements.
3. Deposit register is not maintained.

Joint Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്